**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **07-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക വ്യാവസായിക മേഖലകളിൽ സഹകരണസംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വ്യാവസായിക മേഖലകളിൽ സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷിക വ്യാവസായിക മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>**1.സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.**<br><br>കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനായി പി.എ.സി.എസ് വഴി 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് **'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി'.** 7 ഉപ പദ്ധതികളുള്ള ടി സമഗ്ര പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്.<br><br>**2.മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതി.**<br><br>സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി 883 സഹകരണസംഘങ്ങൾ 1852 മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.<br><br>**3. 500 ഏക്കർ സ്ഥലത്ത് കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതി.** |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയുടെ ഭാഗമായി 14 ജില്ലകളിലായി 408 സഹകരണ സംഘങ്ങൾ 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.<br><br>**4.കോപ്പ്മാർട്ടുകളുടെ രൂപീകരണം**<br><br>സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (coopmart) വീതം ആരംഭിച്ചിട്ടുണ്ട്. കോപ്പ് മാർട്ടുകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്.<br><br>**5.ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്**<br><br>സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പടെയുള്ള സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളേയും ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടു വന്ന് വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുകയാണ്.<br><br>ടി പദ്ധതികൾ കൂടാതെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും, പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും സഹകരണ സംഘങ്ങളുടെ വികസനത്തിനും വൈവിദ്ധ്യവൽകരണത്തിനും, മാതൃകാ സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക വ്യാവസായിക മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | കർഷകർക്ക് വിത്തും വളവും ലഭ്യമാക്കാനുള്ള ഇടപെടലുകൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ബി) | നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററുകളിലൂടെ, കർഷകർക്ക് വിത്തും വളവും ലഭ്യമാക്കുന്നുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പ് നടപ്പിലാക്കുന്ന **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി** |

| | | | |
|---|---|---|---|
| | | | എന്ന പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയും, സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് വിത്തും വളവും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ